#IIMKinMedia

Date: August 14, 2026

Newspaper : Mathrubhumi, Pg.07

# എസ്.എൻ.ഇ.എസ്. ഇംസാറിൽ എം.ബി.എ. ബാച്ചിന് തുടക്കമായി




▶ ഇംസാർ 18-ാമത് എം.ബി.എ. ബാച്ച് ഐ.ഐ.എം.കെ. പ്രൊഫസർ ഡോ. ഇർഫാനുള്ളാഹ് ഫാറൂഖി ഉദ്ഘാടനംചെയ്യുന്നു

**കുന്ദമംഗലം** ▸ ചെത്തുകടവ് എസ്.എൻ.ഇ.എസ്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് ആൻഡ് റിസർച്ചിലെ (ഇംസാർ) 18-ാമത് എം.ബി.എ. ബാച്ച് ഐ.ഐ.എം.കെ. പ്രൊഫസർ ഡോ. ഇർഫാനുള്ളാഹ് ഫാറൂഖി ഉദ്ഘാടനംചെയ്തു. വിദ്യാർഥികൾ പഠനവിഷയങ്ങളിൽമാത്രം ശ്രദ്ധകേന്ദ്രീകരിക്കുന്നതിന് പകരം ജീവിതത്തിലെ വിവിധ വിഷയങ്ങളെക്കുറിച്ച് വിശാലമായ കാഴ്ചപ്പാടുള്ളവരായി മാറണമെന്നും പഠനത്തോടൊപ്പം സാമൂഹികവും മാനുഷികവുമായ മൂല്യങ്ങൾക്ക് പ്രാധാന്യം നൽകുകയും വേണമെന്നും അദ്ദേഹം പറഞ്ഞു. എസ്.എൻ.ഇ.എസ്. വൈസ് പ്രസിഡന്റ് പി. നന്ദകുമാർ അധ്യക്ഷനായി. സൊസൈറ്റി ജനറൽ സെക്രട്ടറി കെ.ആർ. ജെങ്കിഷ്, എജുക്കേഷൻ കമ്മിറ്റി കോഡിനേറ്റർ സർഗീവ്, ഇംസാർ ഡയറക്ടർ ഡോ. സജി കുര്യാക്കോസ് എന്നിവർ സംസാരിച്ചു.